# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2895** **13.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കിഫ്ബിയിലുൾപ്പെടുത്തി മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ തീരദേശ മേഖലയിലെ 65 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി 193.47 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. അതിൽ 41.74 കോടി രൂപയ്ക്ക് 15 മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ ഇതിനകം തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ബാക്കിയുള്ളവയുടെ ഡി.പി.ആർ ഉം ഉടൻ സമർപ്പിക്കുന്നതാണ്. |
| ബി) കൊണ്ടോട്ടി മത്സ്യ മാർക്കറ്റ് നവീകരണത്തിനുള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ അറിയിക്കാമോ; | ബി) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് കിഫ്ബി ധനസഹായത്തോടെ നവീകരിക്കുന്നതിനായി 323.86 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. |
| സി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് വേണ്ടി പദ്ധതി തയ്യാറാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | സി) കിഫ്ബി ധനസഹായത്തോടെ 65 മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 41.73 കോടി രൂപയുടെ 15 മത്സ്യമാർക്കറ്റുകൾ ഇതിനോടകം തന്നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അംഗീകാരത്തിനായി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു. കിഫ്ബിയുടെ അംഗീകാരം ലഭ്യമായാൽ ഉടൻ പ്രവൃത്തി ആരംഭിക്കാവുന്നതാണ്. മറ്റ് മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി വരുന്നു |

സെക്ഷൻ ആഫീസർ

## അനുബന്ധം

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | നിയോജക മണ്ഡലം | പദ്ധതി തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം | വർക്കല | 202.00 |
| 2 | പഴയകുന്നുമേൽ | തിരുവനന്തപുരം | ആറ്റിങ്ങൽ | 294.32 |
| 3 | നടുക്കാട് | തിരുവനന്തപുരം | കാട്ടാക്കട | 201.34 |
| 4 | പേരൂർക്കട | തിരുവനന്തപുരം | വട്ടിയൂർക്കാവ് | 1211.71 |
| 5 | നെയ്യാറ്റിൻകര | തിരുവനന്തപുരം | നെയ്യാറ്റിൻകര | 415.83 |
| 6 | പനച്ചമൂട് | തിരുവനന്തപുരം | പാറശ്ശാല | 475.00 |
| 7 | നിലക്കാമുക്ക് | തിരുവനന്തപുരം | ആറ്റിങ്ങൽ | 144.12 |
| 8 | തങ്കശ്ശേരി | കൊല്ലം | കൊല്ലം | 196.50 |
| 9 | കടപ്പാക്കട | കൊല്ലം | കൊല്ലം | 145.33 |
| 10 | പള്ളിമുക്ക് | കൊല്ലം | ഇരവിപുരം | 160.99 |
| 11 | മൂന്നാംകുറ്റി | കൊല്ലം | ഇരവിപുരം | 129.89 |
| 12 | സൗത്ത് പരവൂർ | കൊല്ലം | ചാത്തന്നൂർ | 181.06 |
| 13 | ആലുംമൂട് | കൊല്ലം | കുണ്ടറ | 150.88 |
| 14 | മണ്ണഞ്ചേരി | ആലപ്പുഴ | ആലപ്പുഴ | 139.26 |
| 15 | ചെത്തി | ആലപ്പുഴ | ആലപ്പുഴ | 125.74 |
| | ആകെ | | | 4173.97 |

സെക്ഷൻ ആഫീസർ